**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46** **28-06-2022 - ൽ മറുപടിയ്ക്ക്**

**മീറ്റ് ദി ഇൻവെസ്റ്റർ പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മീറ്റ് ദി ഇൻവെസ്റ്റർ എന്ന പരിപാടി സംഘടിപ്പിച്ചിരുന്നുവോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്.<br><br>നൂറു കോടി രൂപക്ക് മുകളിൽ നിക്ഷേപമുള്ള വ്യവസായ സംരംഭങ്ങളും സ്ഥാപനങ്ങളുമായി വ്യവസായ മന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും നടത്തുന്ന സ്ഥിരം ആശയ വിനിമയ വേദിയാണ് മീറ്റ് ദ ഇൻവെസ്റ്റർ. ജില്ലാടിസ്ഥാനത്തിലല്ല പ്രസ്തുത പരിപാടി സംഘടിപ്പിക്കുന്നത്. |
| (ബി) | ജില്ലാടിസ്ഥാനത്തിലാണോ പ്രസ്തുത പരിപാടി സംഘടിപ്പിച്ചിരുന്നതെന്നും ഏതെല്ലാം ജില്ലകളിൽ സംഘടിപ്പിച്ചിരുന്നുവെന്നും വ്യക്തമാക്കാമോ; | (ബി) | ഉണ്ട്.<br><br>നൂറു കോടി രൂപക്ക് മുകളിൽ നിക്ഷേപമുള്ള വ്യവസായ സംരംഭങ്ങളും സ്ഥാപനങ്ങളുമായി വ്യവസായ മന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും നടത്തുന്ന സ്ഥിരം ആശയ വിനിമയ വേദിയാണ് മീറ്റ് ദ ഇൻവെസ്റ്റർ. ജില്ലാടിസ്ഥാനത്തിലല്ല പ്രസ്തുത പരിപാടി സംഘടിപ്പിക്കുന്നത്. |
| (സി) | പ്രസ്തുത പരിപാടി വഴി സംസ്ഥാനത്ത് ഉണ്ടായ നേട്ടങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ; | (സി) | ഓരോ സംരംഭകരുടേയും വ്യവസായികളുടേയും അഭിപ്രായങ്ങൾ തേടുകയും സർക്കാർ തലത്തിൽ ആവശ്യമുള്ള പിന്തുണ ഉറപ്പാക്കുകയും ചെയ്യുകയാണ് പരിപാടിയുടെ ലക്ഷ്യം. നിലവിലുള്ള പദ്ധതികൾക്ക് പുറമേ, പുതിയ നിക്ഷേപ പദ്ധതികൾ, വൈവിധ്യവൽക്കരണ ശ്രമങ്ങൾ തുടങ്ങിയവയും ആലോചനാവിഷയമാകുന്നുണ്ട്. നിലവിലുള്ള നിക്ഷേപ സൗഹൃദാന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുകയാണ് മീറ്റ് ദ ഇൻവെസ്റ്റർ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. ഫിക്കി, സി.ഐ.ഐ, ചെറുകിട വ്യവസായ അസോസിയേഷൻ, പ്രവാസി സംരംഭകർ എന്നിവരുമായി പ്രത്യേകം കൂടിക്കാഴ്ച നടത്തിയതിന്റെ |

| | | | |
|---|---|---|---|
| | | | തുടർച്ചയിലാണ് ഓരോ സംരംഭക ഗ്രൂപ്പിന്റേയും വിഷയങ്ങൾ പ്രത്യേകമായി ചർച്ച ചെയ്യുന്നതിന് വേദിയൊരുക്കുന്നത്. കൂടിക്കാഴ്ചകളിൽ വ്യവസായ കയർ നിയമ വകുപ്പ് മന്ത്രിക്ക് പുറമെ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കെ.എസ്.ഐ.ഡി.സി എം.ഡി, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ, കിൻഫ്ര എം.ഡി എന്നിവർ പങ്കെടുക്കാറുണ്ട്.<br><br>മീറ്റ് ദ ഇൻവെസ്റ്റർ പരിപാടിയിൽനിന്നും പരിണമിക്കുന്ന പദ്ധതികളുടെ തുടർനടപടികൾ സുഗമമാക്കുന്നതിനും അവർക്ക് നിയമപരമായി സാധ്യമായ എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിനും കെ.എസ്. ഐ. ഡി. സി-യിലെയും കിൻഫ്രയിലെയും ഉദ്യാഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നിന്നുമുള്ള നടപടികളോ അനുമതികളോ ആവശ്യമായ ഘട്ടങ്ങളിൽ അവ സുഗമമാക്കാൻ അതതു മന്ത്രിമാരുമായി നേരിട്ട് തന്നെ സംവദിക്കുകയും സഹകരണം ഉറപ്പാക്കുകയും ചെയ്തുവരുന്നു. |
| (ഡി) | ഭക്ഷ്യ സംസ്കരണ രംഗത്ത് പാർക്കുകൾ സ്ഥാപിക്കുന്ന നിർദേശം പ്രസ്തുത പദ്ധതിയിലൂടെ നടപ്പാക്കുമോയെന്ന് അറിയിക്കുമോ; | (ഡി) | കിൻഫ്ര നിലവിൽതന്നെ പാലക്കാട് ജില്ലയിൽ കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ ധനസഹായത്തോടുകൂടി ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. പാർക്കിലെ ഭൂമി പൂർണ്ണമായും അലോട്ട് ചെയ്തു കഴിഞ്ഞു.<br><br>സംസ്ഥാന സർക്കാർ മിനി ഫുഡ് പാർക്ക് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതുപ്രകാരം വിവിധ ജില്ലകളിൽ അനുയോജ്യമായ ഭൂമിയുടെ ലഭ്യത, പദ്ധതിയുടെ സാധ്യത എന്നിവയെ ആധാരമാക്കി ഇതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |
| (ഇ) | കേരളത്തിലെ മലയോര മേഖലയിൽ ഭക്ഷ്യ സംസ്കരണത്തിനുള്ള മികച്ച സാധ്യത കണക്കിലെടുത്ത് പ്രസ്തുത മേഖലയിൽ ഭക്ഷ്യ സംസ്കരണ പാർക്കുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | മലയോര മേഖലകളിൽ ഇത്തരത്തിലുള്ള പാർക്കുകൾ സ്ഥാപിക്കണമെങ്കിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അദ്ധ്യക്ഷനായ സമിതി സ്ഥലം കണ്ടെത്തി, ടി സ്ഥലം പദ്ധതിക്ക് അനുയോജ്യമാണെങ്കിൽ, പദ്ധതിയുടെ സാധ്യത പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ